Government of Kerala

KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION

നം. കൈറ്റ്/2019/1614 (17) തീയതി: 19.07.2019

## സർക്കുലർ

വിഷയം:- കൈറ്റ് - അധ്യാപകരുടെ പ്രൊബേഷൻ വിജയകരമായി പൂർത്തിയാക്കുന്നതിന് കൈറ്റ് തയ്യാറാക്കിയിട്ടുള്ള KOOL ഓൺലൈൻ പരിശീലനത്തിന്റെ പുതിയ ബാച്ചിലേക്ക് രജിസ്ട്രേഷൻ നടത്തുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

സൂചന:-
1. 22.03.2011-ലെ സ.ഉ (എം.എസ്) നം. 89/2011/പൊ.വി.വ
2. 01.12.2018 ലെ സ.ഉ(സാധാ) നം. 5068/2018/പൊ.വി.വ
3. 28.02.2019-ലെ സ.ഉ.(സാധാ) നം. 797/2019/പൊ.വി.വ
4. 16.07.2019-ലെ സ.ഉ (കൈ) നം. 89/2019/പൊ.വി.വ

അധ്യാപകർ തങ്ങളുടെ പ്രൊബേഷൻ വിജയകരമായി പൂർത്തിയാക്കുന്നതിന് 45 മണിക്കൂറെങ്കിലും ദൈർഘ്യമുള്ള കമ്പ്യൂട്ടർ കോഴ്സുകൾ പാസായിരിക്കണം എന്ന് സൂചന 1 പ്രകാരം നിഷ്കർഷിച്ചിട്ടുണ്ട്. സൂചന 2 പ്രകാരം കൈറ്റ് നടത്തുന്ന KOOL(KITE's Open Online Learning) ഓൺലൈൻ പരിശീലനം വിജയകരമായി പൂർത്തിയാക്കുന്ന അധ്യാപകർക്ക് നൽകുന്ന സർട്ടിഫിക്കറ്റ് സൂചന 1 പ്രകാരം നിഷ്കർഷിച്ചിരുന്ന പ്രൊബേഷൻ വിജയകരമായി പൂർത്തിയാക്കുന്നതിനുള്ള മാനദണ്ഡമായി അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

സൂചന 4 പ്രകാരം പ്രൊബേഷൻ കാലയളവിൽ 45 മണിക്കൂറിൽ കുറയാത്ത കമ്പ്യൂട്ടർ കോഴ്സ് പാസായിരിക്കണമെന്നുള്ള സൂചന 1-ലെ വ്യവസ്ഥ 01.12.2018-വരെ നിയമനം ലഭിച്ച അധ്യാപകരുടെ കാര്യത്തിൽ നിർബന്ധമാക്കേണ്ടതില്ല എന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ 01.12.2018-ന് ശേഷം ജോലിയിൽ പ്രവേശിച്ച അധ്യാപകർക്കായി കൈറ്റ് KOOL (Kites Open Online Learning) വഴി നൽകുന്ന പരിശീലനത്തിന്റെ പുതിയ ബാച്ചിലേക്ക് രജിസ്ട്രേഷൻ നടത്തുന്നതു സംബന്ധിച്ച് താഴെപ്പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു:

1. സമഗ്രപോർട്ടലിലെ അംഗത്വമുപയോഗിച്ച് അധ്യാപകർ ലോഗിൻ ചെയ്യുമ്പോൾ ലഭിക്കുന്ന ഡാഷ്ബോർഡിലുള്ള KOOL REGISTRATION എന്ന ലിങ്ക് വഴി പരിശീലനത്തിന് രജിസ്റ്റർ ചെയ്യാവുന്നതാണ്. രജിസ്ട്രേഷൻ 22.07.2019 മുതൽ ആരംഭിക്കും. സൂചന 4 പ്രകാരം 01.12.2018-ന് ശേഷം ജോലിയിൽ പ്രവേശിച്ച അധ്യാപകർ പരിശീലനത്തിനായി രജിസ്റ്റർ ചെയ്യേണ്ടതാണ്.

2. അധ്യാപകർ 31.07.2019-ന് മുമ്പ് പരിശീലനത്തിനായി ഓൺലൈൻ രജിസ്റ്റർ ചെയ്യേണ്ടതാണ്. ഓൺലൈൻ മുഖേനയല്ലാതെയുള്ള ഒരു രജിസ്ട്രേഷനും പരിഗണിക്കുന്നതല്ല.

3. ഓരോ സ്കൂളിൽ നിന്നും കോഴ്സിന് അപേക്ഷിച്ച അധ്യാപകരുടെ അപേക്ഷകൾ അതത് പ്രഥമാധ്യാപകർ പരിശോധിച്ച് അംഗീകാരം നൽകേണ്ടതാണ് (പ്രഥമാധ്യാപകരുടെ സമഗ്രലോഗിനിലുള്ള KOOL APPLICANTS എന്ന ലിങ്കിൽ ഈ അപേക്ഷകൾ പരിശോധനയ്ക്ക് ലഭ്യമാകും).

**കെ. അൻവർ സാദത്ത്**
വൈസ് ചെയർമാൻ & എക്സിക്യൂട്ടീവ് ഡയറക്ടർ

കൈറ്റിലെ എല്ലാ ജില്ലാ കോ-ഓർഡിനേറ്റർ/മാസ്റ്റർ ട്രെയിനർമാർക്കും
എല്ലാ പ്രഥമാധ്യാപകർക്കും (ജില്ലാ കോർഡിനേറ്റർ മുഖാന്തിരം)

പകർപ്പ്:

പൊതുവിദ്യാഭ്യാസ ഡയറക്ടർ (ആമുഖകത്ത് സഹിതം)
എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർ/ജില്ലാ വിദ്യാഭ്യാസ ഓഫീസർ/
ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും (ജില്ലാ കോർഡിനേറ്റർ മുഖേന)
സ്റ്റോക് ഫയൽ